പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 620 08/08/2017-ൽ മറുപടിക്ക്

## വൈദ്യുതി അപകടങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തത മൂലം സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരണപ്പെട്ട ജീവനക്കാരുടെ കണക്കുകൾ വിശദമാക്കാമോ; | (ബി) | 01.01.2014 മുതൽ നാളിതുവരെ വൈദ്യുതിയുമായി ബന്ധപ്പെട്ട ജോലിക്കിടയിൽ മരണപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>\| \| ബോർഡ് ജീവനക്കാർ \| കരാർ തൊഴിലാളികൾ \|<br>\| 2014 \| 12 \| 13 \|<br>\| 2015 \| 08 \| 17 \|<br>\| 2016 \| 06 \| 12 \|<br>\| 2017 \| 05 \| 03 \| |
| (സി) | സുരക്ഷാ ക്രമീകരണങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കേണ്ട ആവശ്യകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സുരക്ഷാ ക്രമീകരണങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികളിലേർപ്പെടുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പു വരുത്തുന്നതിനുവേണ്ടി "Permit to Work" (PTW) സംവിധാനം വിതരണ മേഖലയിൽ കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. ടി സംവിധാനം പരിപാലിക്കുന്നുണ്ടെന്നുറപ്പ് വരുത്താനായി surprise inspection- |

(2)

| | | | |
|---|---|---|---|
| | | | നുകൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതല പ്പെടുത്തിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ ജോലി സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുന്ന വർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, Safety Shoes, Earthing/Discharge Rod, Earthing Chain, First Aid Kit, Rain Coat, Ladder etc.,) ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും ആവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കു ന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടു ത്തിയിട്ടുണ്ട്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ സെക്ഷൻ ഓഫീസിൽ "സൺറൈസ് മീറ്റിംഗ്"-ൽ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും അതോടൊപ്പം അന്നന്നത്തെ ജോലി കളിൽ സ്വീകരിക്കേണ്ടതായ മുൻ കരുതലുകളെക്കുറിച്ച് ചർച്ച ചെയ്യാറു മുണ്ട്.<br><br>സുരക്ഷാ പാലനം ഉറപ്പുവരുത്തുന്നതിനായി സബ് എഞ്ചിനിയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശ്ശീലന ക്ലാസ്സുകൾ നടത്തിയും ജോലി സ്ഥലങ്ങളിൽ കൊണ്ടു പോയി പരിശീലനം നടത്തിയും സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവൽ ക്കരണം നടത്തുന്നുണ്ട്. വൈദ്യുതി ലൈനുകളിലും പ്രതിഷ്ഠാപനങ്ങളിലും പണിയെടുക്കുമ്പോൾ ഉണ്ടായേ ക്കാവുന്ന അപകടങ്ങളും അവ ഒഴിവാക്കേണ്ട രീതികളും സ്വീകരി |

| | | | |
|---|---|---|---|
| | | | ക്കേണ്ട മുൻകരുതലുകളും ഈ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടസാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി കരാർ തൊഴിലാളികൾക്കും ബോർഡിലെ ജീവനക്കാർക്കും വീഡിയോ (DVD) ഉപയോഗിച്ച് ധാരാളം സുരക്ഷാ ക്ലാസ്സുകൾ ഫീൽഡ് ഓഫീസ് തലങ്ങളിൽ നടത്തി പരിശീലനം നൽകി വരുന്നു. Safety belt പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുവാനും ഈ ക്ലാസ്സുകളിൽ പരിശീലിപ്പിക്കുന്നുണ്ട്. ബോർഡ് ജീവനക്കാർക്ക് ഡോക്ടർ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി first aid പരിശീലനം നൽകുന്നുണ്ട്. |
| (ഡി) | ഡിവിഷൻ തലത്തിൽ മാസം തോറും സുരക്ഷ സംബന്ധിച്ച അവലോകനയോഗങ്ങൾ ചേരുവാനും അതിലുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) | ഇലക്ട്രിക്കൽ ഡിവിഷൻ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെ നേതൃത്വത്തിൽ സുരക്ഷ അവലോകനം ചെയ്യുന്നതിനായി തൊഴിലാളി സംഘടനാ പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് മാസംതോറും ഡിവിഷൻ തല സുരക്ഷാ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും അതിൻപ്രകാരം എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളിലും സുരക്ഷാ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ മീറ്റിങ്ങുകളുടെ മിനിട്ട്സ് കോർപ്പറേറ്റ് ഓഫീസിൽ പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ